**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 46** — **12.06.2012 ൽ മറുപടിയ്ക്ക്**

## സഹകരണ സംഘം നിയമവും പാർലമെന്റ് പാസ്സാക്കിയ ഭരണഘടനാ ഭേദഗതിയും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. പി.ബി. അബ്ദുൾ റസാക്<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. എൻ. ഷംസുദ്ദീൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ സംഘം നിയമം ഉദാരമാക്കുന്നതിന്റെ ഭാഗമായി പാർലമെന്റ് പാസ്സാക്കിയ ഭരണഘടനാ ഭേദഗതി വ്യവസ്ഥകളുടെ വിശദവിവരം നൽകുമോ; | (എ) പാർലമെന്റ് പാസ്സാക്കിയ 97-ാം ഭരണഘടനാ ഭേദഗതി നിയമത്തിന് 12.01.2012 ന് ബഹുമാനപ്പെട്ട ഇന്ത്യൻ പ്രസിഡന്റ് അംഗീകാരം നൽകുകയും 15.02.2012 മുതൽ ആയത് പ്രാബല്യത്തിൽ വരികയും ചെയ്തിട്ടുണ്ട്. സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നത് മൗലികാവകാശത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് ഭരണഘടനയുടെ പാർട്ട് III ലെ ആർട്ടിക്കിൾ 19 ൽ ഭേദഗതി വരുത്തുകയും സഹകരണ സംഘങ്ങളുടെ രൂപീകരണം Directive Principles of State Policy ൽ ഉൾപ്പെടുത്തിക്കൊണ്ട് ഭരണഘടനയുടെ പാർട്ട് IV ൽ ആർട്ടിക്കിൾ 43B ആയി പുതുതായി ചേർക്കുകയും "സഹകരണ സംഘങ്ങൾ" എന്ന പുതിയ പാർട്ട് (IX B) ചേർക്കുകയും ചെയ്തിട്ടുണ്ട്. ടി പാർട്ട് IXB പ്രകാരമുള്ള വ്യവസ്ഥകൾ താഴെപ്പറയുന്നവയാണ്.<br>ആർട്ടിക്കിൾ 243ZH -ൽ സഹകരണ മേഖലയുമായി ബന്ധപ്പെട്ട നിർവചനങ്ങളും ആർട്ടിക്കിൾ 243ZI ൽ സഹകരണ സംഘങ്ങളുടെ രൂപീകരണം, നിയന്ത്രണം, ലിക്വിഡേഷൻ എന്നിവ സംബന്ധിച്ച് നിയമ വ്യവസ്ഥകൾ ഉണ്ടാക്കുന്നതിന് സംസ്ഥാന |

നിയമസഭയെ അധികാരപ്പെടുത്തിക്കൊണ്ടും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആർട്ടിക്കിൾ 243 ZJ(1) ൽ സഹകരണ സംഘങ്ങളുടെ ഭരണ സമിതിയിൽ പരമാവധി 21 പേരിൽ കൂടുതൽ ഉണ്ടാകരുതെന്ന് വ്യവസ്ഥ ചെയ്യുകയും ഭരണ സമിതിയിൽ 1 സീറ്റ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനും, 2 സീറ്റ് വനിതകൾക്കും സംവരണം ചെയ്തുകൊണ്ടും വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. 243ZJ (2) ൽ ഭരണ സമിതിയുടെ കാലാവധി 5 വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. സംഘം ഭരണ സമിതിയിൽ ഇടക്കാല ഒഴിവുകൾ ഉണ്ടാകുമ്പോൾ ഭരണ സമിതിയുടെ കാലാവധി, തെരഞ്ഞെടുക്കപ്പെട്ട കാലാവധിയുടെ പകുതിയിൽ കുറവാണെങ്കിൽ, ഇടക്കാല ഒഴിവുകളിലേയ്ക്ക് നോമിനേഷൻ നടത്താൻ സംസ്ഥാന നിയമത്തിൽ വ്യവസ്ഥ ഉണ്ടാകണമെന്ന് ഭേദഗതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആർട്ടിക്കിൾ 243 ZJ (3) ൽ സഹകരണ സംഘത്തിന്റെ ലക്ഷ്യം/പ്രവർത്തനം എന്നിവയുടെ അടിസ്ഥാനത്തിൽ സംഘം ഭരണ സമിതിയിലേയ്ക്ക് ബാങ്കിംഗ്, മാനേജ്മെന്റ് ധനകാര്യം മറ്റ് മേഖലകളിലെ പരിചയം ഇവയുള്ളവരെ ഭരണ സമിതിയിലേയ്ക്ക് കോ-ഓപ്റ്റ് ചെയ്യാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആർട്ടിക്കിൾ 243 ZK (1) ൽ കാലാവധി അവസാനിക്കുന്നതിനു മുൻപ് തെരഞ്ഞെടുപ്പ് നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതിനും, ആർട്ടിക്കിൾ 243 ZK (2) ൽ സംസ്ഥാന നിയമത്തിൽ സംഘങ്ങളുടെ തെരഞ്ഞെടുപ്പ് നടത്തുന്നതിന് ഒരു പ്രത്യേക ബോഡി/അതോറിറ്റി ഉണ്ടാകണമെന്നും, ആർട്ടിക്കിൾ 243 ZL (1) ൽ ഒരു ഭരണ സമിതിയെ പിരിച്ചുവിടാനുള്ള സാഹചര്യങ്ങൾ പ്രതിപാദിക്കുന്നു. ഭരണ സമിതിയുടെ സൂപ്പർസെഷൻ 6 മാസത്തിൽ അധികരിക്കാൻ പാടില്ലായെന്നും എന്നാൽ സർക്കാർ ഓഹരി, വായ്പ,

ധനസഹായം, ഗ്യാരന്റി എന്നിവ ഇല്ലെങ്കിൽ ഭരണ സമിതിയെ പിരിച്ചു വിടാൻ പാടില്ലെന്ന് ഭരണ ഘടനാ ഭേദഗതിയിൽ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ബാങ്കിംഗ് ബിസിനസ് ചെയ്യുന്ന സഹകരണ സ്ഥാപനങ്ങളുടെ ഭരണ സമിതിയെ പിരിച്ചു വിടുന്ന കാര്യത്തിൽ 1949 ലെ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിലെ വ്യവസ്ഥകൾ കൂടി ബാധകമാക്കണമെന്നും അഡ്മിനിസ്ട്രേറ്റർ 6 മാസത്തിനകം തെരഞ്ഞെടുപ്പ് നടത്തി തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയ്ക്ക് ചാർജ്ജ് കൈമാറണമെന്നും വ്യവസ്ഥ ചെയ്യുന്നു. ആർട്ടിക്കിൾ 243 ZM (1) ൽ സംഘങ്ങളുടെ കണക്കുകൾ സൂക്ഷിക്കുന്നതിനും വർഷത്തിൽ ഒരിക്കലെങ്കിലും ഓഡിറ്റ് ചെയ്യുന്നതിനും ആർട്ടിക്കിൾ 243 ZM (2) ൽ ആഡിറ്ററുടെ/ആഡിറ്റിംഗ് സ്ഥാപനങ്ങളുടെ മിനിമം യോഗ്യത, സംസ്ഥാന നിയമത്തിൽ ഉൾക്കൊള്ളിക്കുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആർട്ടിക്കിൾ 243 ZM (3) ൽ പൊതുയോഗം നിയമിച്ചിട്ടുള്ള ആഡിറ്റർ, സഹകരണ സംഘങ്ങളുടെ ആഡിറ്റ് നടത്തുന്നതിനും എന്നാൽ അപ്രകാരമുള്ള ആഡിറ്ററെ/ആഡിറ്റിംഗ് സ്ഥാപനങ്ങളെ, സംസ്ഥാന സർക്കാർ/സംസ്ഥാന സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള അധികാരികൾ അംഗീകരിച്ചിട്ടുള്ള പാനലിൽ നിന്നും തെരഞ്ഞെടുക്കണമെന്നും ആർട്ടിക്കിൾ 243 ZM (4) ൽ സാമ്പത്തിക വർഷം അവസാനിച്ച് 6 മാസത്തിനകം ആഡിറ്റ് ചെയ്തിരിക്കണമെന്നും ആർട്ടിക്കിൾ 243 ZM (5) ൽ സംസ്ഥാന നിയമത്തിൽ അപ്പക്സ് സ്ഥാപനങ്ങളായി വിവക്ഷിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ ആഡിറ്റ് സർട്ടിഫിക്കറ്റ്, സംസ്ഥാന നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സംസ്ഥാന നിയമസഭാ മുമ്പാകെ സമർപ്പിക്കണമെന്നും, ആർട്ടിക്കിൾ 243 ZN ൽ സാമ്പത്തിക വർഷം

അവസാനിച്ച കഴിഞ്ഞാൽ 6 മാസത്തിനകം പൊതുയോഗം കൂടാൻ സംസ്ഥാന നിയമത്തിൽ വ്യവസ്ഥ ഉൾക്കൊള്ളിക്കുന്നതിനും ഭേദഗതിയിൽ വ്യവസ്ഥ ചെയ്യുന്നു. ആർട്ടിക്കിൾ 243 ZO (1) ൽ സംഘത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന ബുക്കുകൾ, വിവരങ്ങൾ സംഘത്തിന്റെ അക്കൗണ്ടുകൾ എന്നിവ സംഘത്തിന്റെ അംഗങ്ങൾക്ക് പ്രാപ്യമാക്കണമെന്നും ആർട്ടിക്കിൾ 243 ZO (2) ൽ സംഘത്തിന്റെ ഭരണത്തിൽ അംഗങ്ങൾക്കുള്ള പങ്കാളിത്തം ഉറപ്പു വരുത്തുന്നതിന്, മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിനും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സേവനം ഉപയോഗിക്കുന്നതിനുമുള്ള മിനിമം യോഗ്യതയും, ആർട്ടിക്കിൾ 243 ZO (3) ൽ അംഗങ്ങൾക്ക് സഹകരണ വിദ്യാഭ്യാസം, പരിശീലനം എന്നിവ നൽകുന്നതിനും സഹകരണ നിയമത്തിൽ വ്യവസ്ഥയുണ്ടാകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആർട്ടിക്കിൾ 243 ZP ൽ ഒരു സാമ്പത്തിക വർഷം അവസാനിച്ചു കഴിഞ്ഞു 6 മാസത്തിനകം വാർഷിക റിപ്പോർട്ട്, ആഡിറ്റ് ചെയ്ത കണക്കുകൾ, പൊതുയോഗം അംഗീകരിച്ച ലാഭ വിഭജനം സംബന്ധിച്ച പദ്ധതി, സംഘം ബൈലായിൽ വരുത്തിയ ഭേദഗതികൾ, പൊതുയോഗം ചേർന്നതിനെ സംബന്ധിച്ചും, തെരഞ്ഞെടുപ്പ് നടത്തിയതിനെ സംബന്ധിച്ചുമുള്ള സാക്ഷ്യപത്രം, സംസ്ഥാന നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം രജിസ്ട്രാർ ആവശ്യപ്പെടുന്ന വിവരങ്ങൾ എന്നിവ സർക്കാരിന് നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആർട്ടിക്കിൾ 243ZQ (1) ൽ സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട കുറ്റങ്ങളും അവയുടെ പിഴകളും സംബന്ധിച്ച വ്യവസ്ഥകൾ ഉണ്ടാക്കാൻ സംസ്ഥാന നിയമസഭയെ
അധികാരപ്പെടുത്തുന്നതിനും ആർട്ടിക്കിൾ 243 ZQ (2) ൽ ടി കുറ്റങ്ങൾ

എന്തൊക്കെയാണെന്നും വ്യവസ്ഥ ചെയ്യുന്നു. ആർട്ടിക്കിൾ 243 ZR ൽ ഈ ഭരണഘടനാ ഭേദഗതിയിലെ വ്യവസ്ഥകൾ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കും ബാധകമായിരിക്കുമെന്നും ആർട്ടിക്കിൾ 243 ZS ൽ ഈ ഭരണ ഘടനാ ഭേദഗതിയിലെ വ്യവസ്ഥകൾ യൂണിയൻ ടെറിട്ടറിക്കും ബാധകമായിരിക്കുമെന്നും വ്യവസ്ഥ ചെയ്യുന്നു. ആർട്ടിക്കിൾ 243 ZT ൽ ഭരണഘടനാ ഭേദഗതി നിയമം പ്രാബല്യത്തിൽ വരുന്നതിന്റെ വിവരങ്ങൾ പരാമർശിച്ചിട്ടുണ്ട്.

(ബി) ഈ ഭേദഗതി മുഖേന സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ ഉണ്ടാകാവുന്ന മാറ്റങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) എ) ഈ ഭേദഗതി മുഖേന സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളുടെ ഭരണ സമിതിയുടെ ഘടനയിൽ താഴെപ്പറയുന്ന മാറ്റങ്ങൾ ഉണ്ടാകുന്നതാണ്.

1. ഭരണ ഘടനാ ഭേദഗതി നിലവിൽ വരുന്നതോടുകൂടി ഭരണ സമിതിയുടെ പരമാവധി അംഗസംഖ്യ 21 ൽ അധികരിക്കാൻ പാടില്ല എന്നും അതിൽ ഒരു സീറ്റ് എസ്.സി./എസ്.റ്റി. വിഭാഗത്തിനും, രണ്ട് സീറ്റുകൾ വനിതകൾക്കും സംവരണം ചെയ്തിരിക്കണമെന്നുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതനുസരിച്ച് നിലവിലുള്ള സംഘങ്ങളുടെ ഭരണ സമിതിയിൽ മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്.

2. ഭരണ ഘടനാ ഭേദഗതി നിയമ പ്രകാരം സംഘം ഭരണ സമിതിയുടെ കാലാവധി ഭരണ സമിതി തെരഞ്ഞെടുപ്പ് നടന്ന തീയതി മുതൽ 5 വർഷം ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതനുസരിച്ചുള്ള മാറ്റങ്ങൾ സംഘം ഭരണ സമിതിയുടെ കാലാവധിയിൽ ഉണ്ടാകേണ്ടതുണ്ട്.

3. സംഘം ഭരണ സമിതിയിൽ ഇടക്കാല ഒഴിവുകൾ ഉണ്ടാകുമ്പോൾ സംഘം ഭരണ സമിതിയുടെ ശേഷിക്കുന്ന കാലാവധി തെരഞ്ഞെടുക്കപ്പെട്ട കാലാവധിയുടെ പകുതിയിൽ കുറവാണെങ്കിൽ ഭരണ

സമതിതിയിലേയ്ക്ക് അംഗങ്ങളെ നോമിനേറ്റ് ചെയ്യുന്നതിനുള്ള വ്യവസ്ഥയുണ്ട്. നിലവിലുള്ള ഭരണ സമിതിയിൽ ഇടക്കാല ഒഴിവുകൾ ഉണ്ടാകുമ്പോൾ ഇപ്രകാരം നികത്തപ്പെടേണ്ടതായിട്ടുണ്ട്.

4. സഹകരണ സംഘത്തിന്റെ ലക്ഷ്യം, പ്രവർത്തനം എന്നിവയുടെ അടിസ്ഥാനത്തിൽ സംഘം ഭരണ സമിതിയിലേയ്ക്ക് ബാങ്കിംഗ്, മാനേജ്മെന്റ്, ധനകാര്യം, മറ്റ് മേഖലകൾ എന്നിവയിൽ പരിചയം ഉള്ളവരെ ഭരണ സമിതിയിലേക്ക് കോ-ഓപ്റ്റ് ചെയ്യാൻ ഭരണഘടനാ ഭേദഗതി നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നു. നിലവിൽ അർബൻ സഹകരണ ബാങ്കുകളിൽ മാത്രമേ ഇപ്രകാരമുള്ള അംഗങ്ങളെ നോമിനേറ്റ് ചെയ്യുന്നതിന് വ്യവസ്ഥയുള്ളൂ. പുതിയ വ്യവസ്ഥ പ്രകാരം സംഘങ്ങളുടെ ഭരണ സമിതിയിൽ അംഗങ്ങളെ കോ-ഓപ്റ്റ് ചെയ്യേണ്ടതായിട്ടുണ്ട്.

ബി) കൂടാതെ ഭരണഘടന ഭേദഗതി നിയമമനുസരിച്ച് സാമ്പത്തിക വർഷം അവസാനിച്ച് കഴിഞ്ഞാൽ 6 മാസത്തിനകം സംഘങ്ങളുടെ പൊതുയോഗം വിളിച്ചു ചേർക്കുന്നതിനും 6 മാസത്തിനകം ഓഡിറ്റ് ചെയ്തിരിക്കുന്നതിനും അപ്പക്സ് സ്ഥാപനങ്ങളുടെ ആഡിറ്റ് സർട്ടിഫിക്കറ്റ് സംസ്ഥാന നിയമസഭ മുമ്പാകെ സമർപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

| | |
|---|---|
| (സി) സംസ്ഥാനത്ത് ഈ ഭേദഗതി നടപ്പാക്കാൻ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) ഭരണഘടനാ ഭേദഗതി നിയമം 15.02.2012 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ടി തീയതി മുതൽ ഒരു വർഷത്തിനകം ഭരണ ഘടനാ ഭേദഗതി നിയമം അനുസരിച്ചുള്ള ഭേദഗതികൾ സംസ്ഥാന നിയമത്തിൽ വരുത്തിയിരിക്കണം |

(ഡി) ഭേദഗതി വ്യവസ്ഥകൾ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ഇ) ഇതിനായി നിലവിലെ സഹകരണ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

(ഡി) യും (ഇ) യും ഭേദഗതി വ്യവസ്ഥകൾ നടപ്പാക്കുന്നതിനായി സംസ്ഥാന നിയമത്തിൽ ഭേദഗതികൾ വരുത്തുന്നതിനുള്ള കരട് നിയമ ഭേദഗതി തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ